നമ്പർ WP 1- 5684/2016

ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
തീയതി : 31-03-2016

**സർക്കുലർ നമ്പർ 22/2016**

വിഷയം :- ജയിലുകൾ - ശിക്ഷാ പ്രതികളെ ജയിലിൽ നിന്നും മോചിപ്പിക്കുന്ന വിവരം സ്ഥലം പോലീസിൽ അറിയിക്കുന്നത് -സംബന്ധിച്ച്

2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ (സേവനങ്ങളും) ചട്ടങ്ങളിലെ, ചട്ടം 454 പ്രകാരം ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് എല്ലാ മാസവും 25-ാം തീയതിയ്ക്ക് മുമ്പായി ഐ.പി.സി അദ്ധ്യായം 12 ഉം 17 ഉം അനുസരിച്ച് ശിക്ഷിക്കപ്പെട്ടതും സി.ആർ.പി.സി 109, 110 വകുപ്പുകൾ പ്രകാരം ജാമ്യം ഈട് നൽകാൻ കഴിയാത്തതിനാൽ ടി നിയമത്തിലെ 123 -ാം വകുപ്പ് പ്രകാരം ജയിലിൽ പാർപ്പിക്കപ്പെട്ടതുമായ തടവുകാരിൽ തൊട്ടടുത്ത മാസം വിടുതൽ ചെയ്യപ്പെടുന്നവരുടെ ഏകീകൃത പട്ടിക ഫോറം നമ്പർ 20 ൽ പോലീസ് ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കേണ്ടതാണെന്നും ടി പട്ടികയുടെ ആവശ്യമാകുന്നത്ര പകർപ്പുകൾ സൂപ്രണ്ട് ഇ.മെയിൽ/ഫാക്സ് സന്ദേശങ്ങളായി ജില്ലാ പോലീസ് സൂപ്രണ്ടുമാർ/ജില്ലാ ക്രൈംസ് റെക്കോർഡ്സ് ബ്യൂറോ, സംസ്ഥാന ക്രൈംസ് റെക്കോർഡ്സ് ബ്യൂറോ എന്നിവർക്ക് അയക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരംമുള്ള തടവുകാരുടെ വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് അയക്കുന്നത് കൂടാതെ ശിക്ഷ പൂർത്തിയാക്കി ജയിലിൽ നിന്നും വിടുതൽ ചെയ്യുന്ന തടവുകാരുടെ വിവരങ്ങൾ ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് ഒരാഴ്ച മുമ്പെങ്കിലും നൽകേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

31/3

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :-

മേഖല ഡിഐ.ജിമാർ/ സൂപ്രണ്ട്, ജനറൽ സെക്ഷൻ
ഫയൽ/കരുതൽ ഫയൽ

റ്റി.എസ്